"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ. രാജേഷ് എം- ന്റെ പേരിലുള്ള അച്ചടക്കനടപടി തീർപ്പാക്കികൊണ്ടും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2959/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 07/12/2019

പരാമർശം:- 1 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23/08/2018 തീയതിയിലെ ഇ .സി6-49041/2018/ആവഡ നമ്പർ കത്ത്

2 സ.ഉ.(സാധാ)നം 3037/2018/ആകുവ തീയതി 04.10.2018

3 10/10/2018 തീയതിയിലെ എ1/265/2018/ആകുവ നമ്പർ കുറ്റാരോപണ മെമ്മൊ

4 05/12/2018 തീയതിയിലെ എ1/265/2018/ആകുവ നമ്പർ പുതുക്കിയ കുറ്റാരോപണ മെമ്മൊ

5 ഡോ.രാജേഷ് എം ന്റെ 19/11/2018& 14/02/2019 തീയതികളിലെ പ്രതിവാദപത്രിക

6 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25/09/2019 തീയതിയിലെ ഇ .സി6-49041/2018/ആ വ ഡ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജനറൽ ആശുപത്രിയിലെ ഡെപ്യൂട്ടി സൂപ്രണ്ടും സൂപ്രണ്ടിന്റെ ചാർജ്ജും ഉണ്ടായിരുന്ന ഡോ. രാജേഷ് എം കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഒരു വിഭാഗം ഡോക്ടർമാർ പണിമുടക്കിൽ ഏർപ്പെട്ട ദിവസങ്ങളിൽ 13.04.2018 ന് ഹാജർപുസ്തകത്തിൽ ആകസ്മിക അവധി രേഖപെടുത്തിയെന്നും എന്നാൽ 16.04.2018 ന് ഹാജർകോളം ഒഴിഞ്ഞു കിടന്നതായും താൻ അവധിയിൽ ആയിരിക്കും എന്ന വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ ടിയാൻ മുൻകൂട്ടി അറിയിച്ചില്ലായെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 17.04.2018.ന് നടന്ന മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ ഡോ. രാജേഷ് എം. പങ്കെടുത്തിട്ടില്ലായെന്നും പല പ്രധാന ആവശ്യങ്ങൾക്കായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ പ്രസ്തുത മെഡിക്കൽ ഓഫീസറെ കിട്ടാറില്ലായെന്നും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും അച്ചടക്ക ലംഘനം, ഔദ്യോഗിക സ്വഭാവ ദൂഷ്യം , മേലുദ്യോഗസ്ഥനിന്ദ എന്നിവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് മെമ്മോ നൽകിയെങ്കിലും 25.04.2018 മുതൽ അനധികൃതാവധിയിൽ ആയതിനാൽ നേരിട്ട് മെമ്മോ നൽകുവാൻ സാധിച്ചില്ലായെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ അച്ചടക്ക ലംഘനം , ഔദ്യോഗിക സ്വഭാവദൂഷ്യം, മേലുദ്യോഗസ്ഥനിന്ദ, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കൽ (25.04.2018 മുതൽ ) എന്നി കുറ്റങ്ങൾക്ക് അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. 25.04.2018

മുതൽ സർവീസിൽ നിന്നും അനധികൃതമായി വിട്ടു നിന്ന ഡോ. രാജേഷ് എം നെ അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം 2 പ്രകാരം സർവീസിൽ നിന്നും മാറ്റി നിർത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. രാജേഷ് എം-നെതിരെ പരാമർശം 3 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ഡോ. രാജേഷ്.എം പരാമർശം 5 പ്രകാരം മറുപടി സമർപ്പിക്കുകയുമുണ്ടായി.

2. അസുഖംമൂലം 24.04.2018 ൽ ജോലിക്ക് ഹാജരാകാതെ വന്നത് കാരണം ആകസ്മിക അവധിക്കുള്ള അപേക്ഷ തലേന്ന് സമർപ്പിക്കുകയും എന്നാൽ, അസുഖം ഭേദമാകാതെ വന്നതിനാൽ 28.04.2018 വരെ അവധി ആവശ്യപ്പെട്ടുകൊണ്ട് സൂപ്രണ്ടിനെ ഫോണിൽ ബന്ധപ്പെടുകയും 24.04.2018 മുതൽ 28.04.2018 വരെ പരിവർത്തിത അവധിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ആയതിനു ശേഷം 29.04.2018ന് തിരിച്ച് ജോലിയിൽ പ്രവേശിച്ചതായും ഡോ.രാജേഷ്.എം. കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടിയിൽ പറയുകയുണ്ടായി. അനധികൃതാവധിയിൽ ആയിരുന്ന 24.04.2018 മുതൽ 28.04.2018 വരെയുള്ള കാലയളവ് ആരോഗ്യ വകുപ്പ് ഡയറക്ടർ ചട്ടം 84 പ്രകാരം പരിവർത്തിത അവധി ആയി അനുവദിച്ച് നൽകിയതായും പ്രതിവാദ പത്രികയിൽ ഡോ. രാജേഷ് എം. പറയുകയുണ്ടായി. പ്രതിവാദ പത്രികയിന്മേലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം 3 പ്രകാരമുള്ള റിപ്പോർട്ടിൽ കോഴിക്കോട് ജനറൽ ആശുപത്രിയിലെ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച അഭിപ്രായ കുറിപ്പ് പ്രകാരമാണ് ഡോ. രാജേഷ് എം. 25.04.2018 മുതൽ അനധികൃതാവധിയിൽ ആണെന്ന് റിപ്പോർട്ട് ചെയ്തത് എന്നും ഡോ. രാജേഷ് എം ന്റെ അനധികൃതാവധി നിശ്ചിത പ്രോഫോമയിൽ റിപ്പോർട്ട് ചെയ്യുവാൻ 15.05.2018 -നു കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ട സമയത്തു പോലും ടി ഡോക്ടർക്ക് 29.04.2018നു ജോലിയിൽ പുനഃ പ്രവേശിക്കുന്നതിന് അനുമതി നൽകി എന്ന വിവരം കോഴിക്കോട് ജനറൽ ആശുപത്രിയിലെ സൂപ്രണ്ട് അറിയിച്ചില്ലായെന്നും പറയുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ. രാജേഷ് എം. സമർപ്പിച്ച പ്രതിവാദ പത്രികയുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഡോ. രാജേഷ് എം നെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി കണ്ണൂർ, പയ്യന്നൂർ താലൂക്ക് ആശുപത്രി സൂപ്രണ്ട് ആയി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഡോ. രാജേഷ് എം ന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടി ആയി ക്രമീകരിച്ചുകൊണ്ട് (പരിവർത്തിതാവധി എടുത്ത കാലയളവ് ഒഴികെ) ഉത്തരവാകുന്നു. ആരോഗ്യ വകുപ്പിലെ ഒരു ഉയർന്ന മെഡിക്കൽ ഓഫീസറുടെ അനാവശ്യമായ സസ്പെൻഷനിലേക്കും ടിയാനെതിരെയുള്ള അച്ചടക്കനടപടിയിലേക്കും നയിക്കുന്നവിധം സർക്കാരിനെ തെറ്റദ്ധരിപ്പിക്കുന്ന റിപ്പോർട്ടു നൽകിയ സാഹചര്യത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ആരോഗ്യവകുപ്പുഡയറക്ടർ ഉചിതമായ അച്ചടക്കനടപടി ആരംഭിക്കേണ്ടതും രണ്ടാഴ്ചയ്ക്കകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്/കണ്ണൂർ
ഡോ. രാജേഷ് എം , ഡെപ്യൂട്ടി സൂപ്രണ്ട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

(

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt on. EC6-49041/2018/DHS, Dated: 23/12/2019**

Copy of the Government Order with marked copy is forwarded to Dr.M.Rajesh, Superintendent, Taluk Hospital, Payyannur, Kannur/ District Medical Officer (Health), Kozhikkode/ Kannur/ Superintendent, General Hospital, Kozhikkode/ EA & EB sections of this directorate for information and necessary action.

**For Director of Health Services**

To

Dr.M.Rajesh, Superintendent, Taluk Hospital, Payyannur, Kannur.

Copy to:-

1. The District Medical Officer (Health), Kannur/Kozhikkode.
2. The Superintendent, General Hospital, Kozhikkode.
3. The Superintendent, Taluk Hospital, Payyannur, Kannur.
4. The Superintendent, EA Section, DHS
5. The Superintendent, EB Section, DHS
6. File/Stock File.